കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പൂഞ്ഞാർ എസ്.എം.വി. ഹൈസ്കൂളിനുവേണ്ടിയുള്ള നിർമ്മാണം - തുക അനുവദിച്ചില്ലായെന്ന് പരാതിപ്പെട്ട് കരാറുകാരൻ ശ്രീ.ജോമി മാത്യു ഫയൽ ചെയ്ത W.P.(C)No.26195/2024 ൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 16.12.2024-ലെ നമ്പർ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1200/2025/LSGD തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം:-
1) ബഹു.ഹൈക്കോടതിയുടെ W.P.(C)No.26195/2024-നമ്പർ ഹർജിയിൻമേലുള്ള 16.12.2024-ലെ വിധിന്യായം.
2) കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 3/3/2025 ലെ LSGD/DP/KTM/148/2025/D3 നമ്പർ കത്ത്
3) അഡ്വക്കേറ്റ് ജനറലിന് അയച്ച 09/4/2025 ലെ ഇതേ നമ്പർ സർക്കാർ കത്ത്
4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.04.2025-ലെ LSGD/PD/28492/2023-EW6-നമ്പർ അർദ്ധ ഔദ്യോഗികകത്ത്

ഉത്തരവ്

കോട്ടയം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പൂഞ്ഞാർ എസ്.എം.വി. ഹൈസ്കൂളിനുവേണ്ടി നിർമ്മാണം നടത്തിയ പാചകപ്പുരയുടെ തുക അനുവദിച്ചില്ല എന്ന് ആരോപിച്ച് ശ്രീ.ജോമി മാത്യു ബഹു.ഹൈക്കോടതി മുൻപാകെ W.P.(C)No.26195/2024-നമ്പർ ഹർജി സമർപ്പിക്കുകയും, ടി ഹർജി ബഹു.ഹൈക്കോടതി 16.12.2024-ന് പരിഗണിക്കുകയും ബന്ധപ്പെട്ട എതിർകക്ഷി ഹർജിക്കാരന് അവകാശപ്പെട്ട തുക 3 മാസത്തിനുള്ളിൽ അനുവദിക്കണം എന്നും ടി സമയപരിധിക്കുള്ളിൽ അവകാശപ്പെട്ട തുക അനുവദിച്ചില്ലെങ്കിൽ ആയതിന് 6% പലിശയും സഹിതം ഹർജിക്കാരന് തുക അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

2) ബഹു.ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം പരിശോധിക്കുകയും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (2) ലെ കത്ത് പ്രകാരം സാങ്കേതിക പ്രശ്നം മൂലമാണ് ടി തുക കരാറുകാരന് ഇതുവരെ അനുവദിക്കാൻ സാധിച്ചിട്ടില്ലാത്തതെന്നും ടി സാങ്കേതിക പ്രശനം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ , പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർക്കു കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ വിധിന്യായം പാലിക്കുന്നതിന് 3 മാസത്തെ സാവകാശം കൂടി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം സീനിയർ ഫിനാൻസ് ഓഫീസറുടെ 24.03.2025-ലെ CEPWD/330/2024-FB3-BL നമ്പർ ഉത്തരവ് പ്രകാരം കേസിനാസ്പദമായ പൂഞ്ഞാർ എസ്.എം.വി.ഹൈസ്കൂൾ പാചകപ്പുര നിർമ്മാണം എന്ന പ്രവൃത്തിയുടെ ബിൽ തുകയായ **9,85,385/-** രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗം, കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ BAMS ലോഗിനിലേയ്ക്ക് കൈമാറിയിട്ടുള്ളതും, ആയത് കോട്ടയം ജില്ലാ ട്രഷറിയിലെ BRN No. 24080159800201685543 പ്രകാരം 26.03.2025-ന് ശ്രീ.ജോമി മാത്യുവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റാക്കി നടപടി സ്വീകരിച്ച് തീർപ്പാക്കി പൊതുമരാമത്ത് വകുപ്പിൽ നിന്നും അറിയിപ്പ നൽകിയത് പ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (1) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം( with c/l).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരംസെക്രട്ടറി , കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം ജില്ല
ശ്രീ.ജോമി മാത്യു, ശ്രീ.മാത്യു പ്ലാംതോട്ടത്തിൽ ഹൗസ്, പൂഞ്ഞാർ, മീനച്ചിൽ, കോട്ടയം.
കരുതൽ ഫയൽ.(DB2/1/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 16-05-2025 11:22:37